## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ പാലക്കാട് ജില്ല

**പ്രവചന കാലയളവ് 31.12.2025 മുതൽ 04.01.2026 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 52/2025 (104) ചൊവ്വാഴ്ച | തീയ്യതി 30/12/2025 |
|---|---|

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 31.12.2025 | 01.01.2026 | 02.01.2026 | 03.01.2026 | 04.01.2026 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0 | 0 | 0.1 | 0 | 0 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 22 | 22 | 22 | 22 | 22 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 65 | 65 | 65 | 65 | 65 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 3 | 3 | 3 | 5 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 130 | 360 | 90 | 90 | 70 |
| മേഘ വ്യാപ്തി (ഒക്ടാ ) | 3 | 5 | 8 | 5 | 4 |

കാലാവസ്ഥാ അറിയിപ്പ്:- വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ:-.ഉയർന്ന താപനിലയിലെവർധനവ് തുടരുന്നതിനാൽ വിളകളിൽ പുതയിടൽ നടത്തി മണ്ണിലെ ജലസംരക്ഷണം ഉറപ്പ് വരുത്തുക. വിളകൾക്ക് ആവശ്യാനുസരണം ജലസേചനം നടത്തുക.

| വിളകൾ | രോഗകീടങ്ങൾ, വിളപരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല്(മുണ്ടകൻ) പൂക്കുന്ന പരുവം | ബാക്റ്റീരിയൽ ഓലകരിച്ചിൽ രോഗം | മൂടികെട്ടിയ അന്തരീക്ഷസ്ഥിതി തുടരുമ്പോൾ, നെൽപ്പാടങ്ങളിൽ ബാക്ടീരിയൽ ഓലകരിച്ചിൽ രോഗം കണ്ടുവരുന്നുണ്ട്. രോഗം ശ്രദ്ധയിൽപ്പെട്ടാൽ ഒരു ഏക്കറിന് 2 കിലോഗ്രാം ബ്ലീച്ചിങ് പൗഡർ കിഴികെട്ടി പാടത്തെ വെള്ളക്കെട്ടിൽ ഇട്ടുകൊടുക്കുക. രോഗം അധികരിക്കുകയാണെങ്കിൽ 2 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ച് കൊടുക്കുക. |
| തെങ്ങ് | പരിചരണം | തെങ്ങിൻതടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിനായി പച്ചയോ ഉണങ്ങിയതോ ആയ ചകിരി ഇട്ടു മൂടുന്നത് നല്ലതാണ്. തെങ്ങിന്റെ ചുവട്ടിൽ നിന്നു മൂന്നു മീറ്റർ അകലത്തിൽ വരികൾക്കിടയിൽ ചാല് കീറിയോ, ഓരോ തെങ്ങിന്റെ കടക്കു ചുറ്റും തടിയിൽ നിന്നും രണ്ടു മീറ്റർ അകലത്തിൽ വട്ടത്തിൽ ചാലുകൾ എടുത്തോ, അതിൽ ചകിരികൾ നിരത്തിയ ശേഷം മണ്ണിട്ട് മൂടാം. ചകിരിയുടെ കുഴിഞ്ഞ ഉൾഭാഗം മുകളിലേക്ക് വരത്തക്ക വിധത്തിലാണ് ചകിരി അടുക്കേണ്ടത്. ഇതിനു മുകളിൽ മണ്ണിട്ട് മൂടണം. ഇതിന്റെ ഗുണം 5-7 വർഷക്കാലം നിലനിൽക്കും. ചകിരിക്ക് പകരം ചകിരിച്ചോർ തെങ്ങ് ഒന്നിന് 25 കിലോഗ്രാം എന്ന തോതിൽഓരോ വർഷവും തടത്തിൽ ഇട്ടു മൂടുന്നതും ഈർപ്പം സംരക്ഷിക്കാൻ ഉതകും. |
| പച്ചക്കറികൾ | ചൂർണ്ണപൂപ്പ് | പച്ചക്കറികളിൽ ഉണ്ടാക്കാൻ സാധ്യതയുള്ള ചൂർണ്ണപൂപ്പ് തടയുന്നതിനായി സൾഫർ 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കുക. വെള്ളരിവർഗ്ഗ വിളകളിൽ ചൂടുള്ള സമയത്ത് സൾഫർ തളിക്കുന്നത് വിളകളിൽ പൊള്ളലുണ്ടാക്കാൻ ഇടയാക്കുന്നതിനാൽ അത്തരം വിളകൾക്ക് വൈകുന്നേരങ്ങളിൽ മാത്രം സൾഫർ തളിച്ചുകൊടുക്കാൻ ശ്രദ്ധിക്കുക. |

മൃഗസംരക്ഷണം-:കോഴിക്കൂടുകൾ പൂർണമായും ഇരുമ്പിന്റെ വല കൊണ്ട് നിർമ്മിച്ചതാണെങ്കിൽ വശങ്ങളിൽ തണൽ നൽകാൻ ശ്രദ്ധിക്കുക. കൂടിനുള്ളിൽ കുടിക്കാൻ ധാരളം വെള്ളം വച്ച് കൊടുക്കുക.